(ബി) വീണ്ടും മുപ്പതു കോടി രൂപ കൂടി കേന്ദ്രം അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് ഏതെല്ലാം ഹൈവേകളുടെ വികസനത്തിന് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2002-03-ൽ കേന്ദ്ര റോഡ് നിധിയിൽ നിന്നും സംസ്ഥാന റോഡുകൾക്കായി 18.75 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

ഹിൽഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ട്

52 (3611) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേയുടെ പ്രവർത്തനം സംബന്ധിച്ച് നാറ്റ്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഹിൽ ഹൈവേ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഹിൽ ഹൈവേയുടെ റൂട്ട് അന്തിമമായി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട ഹിൽ ഹൈവേ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തെപ്പറ്റി നാറ്റ്പാക്ക് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) 1-3-1997-ലെ സർക്കാർ ഉത്തരവ് (സാധ) 282/97 പൊ.വ. അനുബന്ധമായി വച്ചിരിക്കുന്നു*.

(സി) നടപടികൾ സ്വീകരിച്ചുവരികയാണ്.

ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ

53 (3612) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ ഏർപ്പെടുത്തുന്നതിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കിസ്ത് ഇനത്തിൽ സർക്കാരിന് 2001-2002, 2002-2003 വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുക എത്ര ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ഇതിന്റെ കരാറുകൾ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് കരാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കിസ്ത് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള കരാറുകാർ എത്ര പേർ ഉണ്ട് ; പ്രസ്തുത ഇനത്തിന്റെ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കേന്ദ്ര ഉപരിതല വകുപ്പിന്റെ പാലങ്ങൾ ടോൾ പിരിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയിലാണോ ; ഇതുസംബന്ധിച്ചുള്ള ഉടമ്പടി എന്താണ് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കേന്ദ്ര സർക്കാരിലേക്ക് ഈ ഇനത്തിൽ സംസ്ഥാന ഗവൺമെന്റ് കുടിശ്ശിക അടയ്ക്കാൻ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയാണ് എന്ന് വ്യക്തമാക്കാമോ ;

(ജി) അഞ്ചു കോടി രൂപവരെ നിർമ്മാണ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു കോടി രൂപയിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ പിരിവ് നടപ്പാക്കുന്നത്. പാലം ഗതാഗതത്തിന് തുറന്നു കൊടുത്തതിനു ശേഷം ആദ്യത്തെ 15 വർഷത്തേക്കാണ് ടോൾ പിരിവ് ഏർപ്പെടുത്തുന്നത്.

(ബി) 2001-02 വർഷത്തിൽ പിരിഞ്ഞു കിട്ടിയ തുക : 4,51,06,958 രൂപയാണ്.

2002-03 വർഷത്തിൽ പിരിഞ്ഞു കിട്ടിയ തുക : 3,77,69,057 രൂപയാണ്.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്.

(ഡി) 23 പേരും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡും കിസ്തു അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ 5,25,81,289 രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ഇ) അതെ. ദേശീയപാതയുടെ നിർമ്മാണം, സംരക്ഷണം മുതലായവ സംസ്ഥാന സർക്കാരിന്റെ ചുമതലയിലാണ്. ഓരോ വർഷവും ടോൾ ഇനത്തിൽ പിരിഞ്ഞു കിട്ടുന്ന തുക ദേശീയപാതയുടെ വികസനത്തിനായിട്ടാണ് നൽകി വരുന്നത്.

(എഫ്) ഉണ്ട്. കുടിശ്ശിക തുക 5,07,36,829 രൂപ. ഇതിൽ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 2,64,03,383 രൂപയും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് 1,62,46,005 രൂപയും അടയ്ക്കാനുണ്ട്.

(ജി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly